

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

കേരള ബുക്ക് മാർക്കറ്റ് സൊസൈറ്റി, തിരുവനന്തപുരം

ഓഡിറ്റ് റിപ്പോർട്ട്

2009-10, 2010-11

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.1/745/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി:04.06.2019

ഫോൺ. 04712331231

ഇ-മെയിൽ lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി
കേരള ബുക്ക് മാർക്കറ്റ് സൊസൊറ്റി

സർ,

വിഷയം : കേരള ബുക്ക് മാർക്കറ്റ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2009-10,2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

കേരള ബുക്ക് മാർക്കറ്റ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ.

പകർപ്പ്

1. ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2. ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/745/19

തീയതി : 04.06.19

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2009-10, 2010-11 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	:	ശ്രീ.മുഹമ്മദ് നിസാർ.എ, ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ചസമയം	:	09.04.2019 മുതൽ 22.04.2019വരെ
ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം	:	2009-10,2010-11
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം	:	ശ്രീ.സനിൽ.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
		ശ്രീമതി.സിന്ധുലാബീവി.എം. ഓഡിറ്റ് ഓഫീസർ
		ശ്രീ.അനിൽകുമാർ.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
		ശ്രീമതി.ആശ.ജി.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
		ശ്രീമതി.ബിന്ദുലത ബി.പി. സീനിയർ ഗ്രേഡ് ഓഡിറ്റർ
		ശ്രീമതി.അനിഷ എസ്.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ
		ശ്രീ.ശരത് ജെ.ശങ്കർ, ഓഡിറ്റർ
നിർവ്വഹണാധികാരികൾ	:	ശ്രീ.എ.ഗോകുലേന്ദ്രൻ, സെക്രട്ടറി (01.04.2009 മുതൽ 31.03.2011വരെ)

ഭാഗം –1

പൊതു അവലോകനം

1-1 ആമുഖം

1955 ലെ തിരുവിതാംകൂർ-കൊച്ചി-ശാസ്ത്ര സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജി.നം.946/95 തീയതി 08.02.1995). സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കൗൺസിലുമാണ്.

സാംസ്കാരിക വകുപ്പ് മന്ത്രി ചെയർമാനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ജനറൽ കൗൺസിലിൽ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറി ഉൾപ്പെടെ രണ്ടു വിദഗ്ധ മെമ്പർമാരും, നാമനിർദ്ദേശം ചെയ്യപ്പെട്ട 9 മെമ്പർ മാരുമാണുള്ളത്.

1-2 ലക്ഷ്യവും പ്രവർത്തനവും

ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ, എന്നിവർ പ്രസിദ്ധീകരിക്കുന്ന ബുക്കുകളും ആനുകാലികങ്ങളും ജനങ്ങളിലെത്തിക്കുക എന്നതാണ് ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രാധാന ലക്ഷ്യം. ഇതിലേക്കായി പുസ്തകങ്ങൾക്ക്

പ്രീപബ്ലിക്കേഷൻ സൗജന്യം, റിബേറ്റ്, തവണ വ്യവസ്ഥ, ബുക്ക് ക്ലബ്, ഹോം ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ സ്ഥലങ്ങളിൽ പുസ്തകമേളകൾ, പുസ്തക പ്രദർശനങ്ങൾ എന്നിവ നടത്തി പുസ്തകങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാനും അതുവഴി അവയുടെ വിൽപന കൂട്ടാനും നടപടികൾ സ്വീകരിച്ചു വരുന്നു.

1-3 ബജറ്റ്

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ മെമ്മോറാണ്ടത്തിൽ ഖണ്ഡിക 9 (4), ഖണ്ഡിക 13 (4) എന്നിവയിൽ ബജറ്റ് പാസാക്കി അംഗീകാരം വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സ്ഥാപനം അത്തരത്തിൽ ബജറ്റ് പാസാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നതിന് വേണ്ടി ഓരോ വർഷവും പ്രതീക്ഷിത ചെലവുകൾ സർക്കാരിന് സമർപ്പിക്കുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 40 - 44 പ്രകാരം ബജറ്റ് പാസ്സാക്കാതെ ചെലവുകൾ നടത്തുവാൻ പാടുള്ളതല്ല. സ്ഥാപനം വിവിധ ഇനങ്ങളിലായി 2009-10 ൽ 84186807/-രൂപയും 2010-11ൽ 87171271/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവുകൾക്കുള്ള ബജറ്റ് പാസാക്കി അംഗീകാരം വാങ്ങിയിട്ടില്ല. സ്ഥാപനത്തിന്റെ നിയമാനുസൃതവും സുഗമവുമായ പ്രവർത്തനത്തിന് ബജറ്റ് പാസാക്കി കമ്മിറ്റി അംഗീകരിക്കേണ്ടത് അനിവാര്യമാണ്. ഭാവിയിൽ നിയമാനുസൃത ബജറ്റ് പാസാക്കി കമ്മിറ്റി അംഗീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-4 വാർഷിക കണക്കുകളിലെ അപാകതകൾ

എ) ഗ്രാന്റിനത്തിൽ ലഭ്യമായ തുകയുടെ വിശദാംശം ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല , വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.

സ്ഥാപനത്തിലെ ഗ്രാന്റ് രജിസ്റ്റർ, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 2009-2010 , 2010-2011 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ സർക്കാർ ഗ്രാന്റിനത്തിലെ തുകകൾ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ

വർഷം	തുക		വരവ് വന്ന തീയതി
	വാർഷിക ധനകാര്യപത്രിക പ്രകാരം	ഗ്രാന്റ് രജിസ്റ്റർ/ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം	(ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം)
2009-2010	1500000	2300000	15.07.09- 7.5 ലക്ഷം 04.03.10 - 7.5 ലക്ഷം 31.03.10 - 8 ലക്ഷം ആകെ - 23ലക്ഷം
2010-2011	3300000	3500000	24.07.10-10 ലക്ഷം 04.12.10- 10 ലക്ഷം 23.03.11-5ലക്ഷം 31.03.11- 10 ലക്ഷം ആകെ - 35 ലക്ഷം

2009-2010, 2010-2011 വർഷങ്ങളിൽ ലഭ്യമായ സർക്കാർ ഗ്രാന്റിൽ 10 ലക്ഷം രൂപയുടെ വരവ് ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകയുടെ വരവുചെലവു വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 22/ 20.04.2019) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) മുന്നിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31.03.2009 ന് നീക്കിയിരിപ്പ് 6549611/- രൂപയാണ്.എന്നാൽ 2009-10 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രാകാരം 2009-10 വർഷത്തെ മുന്നിരിപ്പ് 8040896/- രൂപയാണ്. കാഷ് ബുക്കിൽ 2009-10 വർഷത്തെ മുന്നിരിപ്പ് 1833/- രൂപയാണ്. പി.ഡി പാസ്സ്ബുക്ക് പ്രകാരം 2009-10 ലെ മുന്നിരിപ്പ് 621550/- രൂപയാണ്. ഈ തുകകൾ പൊരുത്തപ്പെടുന്നില്ല. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സി) **വാർഷിക കണക്കുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല**

സ്ഥാപനത്തിന്റെ 2009-10, 2010-11 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള വിവിധ ചെലവുകൾ സ്ഥാപനത്തിന്റെ പി.ഡി. അക്കൗണ്ട് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ.

ചെലവിനം	2009-10		2010-11	
	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം	വാർഷിക കണക്കുകൾ പ്രകാരം	പി.ഡി. അക്കൗണ്ട് രജിസ്റ്റർ പ്രകാരം
സാലറി, വേജസ്	1680078	1694716	2153524	2656524
ഓഫീസ് ചെലവുകൾ	197428	193114	230000	207500
പബ്ലിഷേഴ്സിനു നൽകിയ തുക	79046800	78330628	77386050	76536326

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 9/12.04.2019 13/16.04.2019) മറുപടി ലഭ്യമാക്കിയില്ല.

ഡി) 2009-10, 2010-11 വർഷങ്ങളിൽ സ്ഥാപനത്തിന്റെ വരവുകൾ കൃത്യമായി രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമല്ല. മാത്രവുമല്ല ചെലവുകൾ സംബന്ധിച്ച രേഖകളും പൂർണ്ണമായ രീതിയിൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വരവ് ചെലവ് കണക്കുകളുടെ കൃത്യത പൂർണ്ണമായി പരിശോധിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. ആയതിനാൽ വരവ് ചെലവ് കണക്കുകളുടെ കൃത്യത പൂർണ്ണമായി പരിശോധിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. (ഭാഗം 2,3 എന്നിവയിലെ പരാമർശങ്ങൾ കൂടി കാണുക.)

ഭാഗം –2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ഗ്രാന്റ്

വർഷം	ഗ്രാന്റ് ലഭിച്ച ഉത്തരവ്	തുക	ട്രഷറിയിൽ വരവ് വന്ന തീയതി
2009-2010	GO(Rt)No.305/2009/CAD dtd:07.07.2009	750000	15.7.2009
	GO (Rt) No.120/2010/ CAD/ dtd:22.02.2010	750000	4.3.2010
	GO (Rt) No.213/2010/ CAD/ dtd: 30.03.2010	800000	31.3.2010
		2300000	

വർഷം	ഗ്രാന്റ് ലഭിച്ച ഉത്തരവ്	തുക	ട്രഷറിയിൽ വരവ് വന്ന തീയതി
2010-2011	GO(Rt)No.374/2010/CAD dtd:14.07.2010	1000000	24.07.2010
	GO(Rt)No.572/2010/CAD dtd:25.11.2010	1000000	04.12.2010

GO(Rt)No.183/2011/CAD dtd:08.03.2011	500000	23.03.2011
GO(Rt)No.203/2011/CAD dtd:23.03.2011	1000000	31.03.2011
	3500000	

2-2 വരവ്-രേഖകൾ സൂക്ഷിച്ചിട്ടില്ല

സർക്കാർ ഗ്രാന്റ് കൂടാതെ പുസ്തകങ്ങളുടെ വില്പനയിലൂടെയാണ് സ്ഥാപനത്തിന് വരവ് ലഭിക്കുന്നത്. പുസ്തക വില്പനയിലൂടെ ലഭിക്കുന്ന വരവിന്റെ കൃത്യമായ കണക്കുകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. വരവ് രജിസ്റ്റർ, രസീത് ബുക്കുകൾ എന്നിവ ഓഡിറ്റ് റിക്വിസിഷൻ 1, ഓഡിറ്റ് എൻക്വയറി 7 എന്നിവ മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 2009-10 പുസ്തകവിൽപ്പനയിനത്തിൽ 75640276/- രൂപയും 2010-11ൽ 93200013/- രൂപയും സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമല്ലാത്തതിനാൽ, വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രസീത് ബുക്കുകൾ , വരവ് രജിസ്റ്റർ, എന്നിവ പരിപാലിക്കാത്തതിനാൽ ലഭിച്ച തുകയുടെ കൃത്യമായ ഒടുക്ക് വിവരം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ക്യാഷ്ബുക്ക് ഫോം റ്റി.ആർ.7A മാതൃകയിലല്ല പരിപാലിക്കുന്നത്. ഓരോ ദിവസത്തെയും വരവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കുന്നില്ല.

സ്ഥാപനത്തിന്റെ 2010-11ലെ ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ, 2010-11ലെ ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചത് പ്രകാരം, ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിലെ എല്ലാ ചെക്കും ട്രഷറി അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. നൽകിയ സ്ഥാപനത്തിന്റെ വിശദംശങ്ങൾ ചെല്ലാൻ പകർപ്പ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6 നുള്ള മറുപടിയിൽ കൃത്യമായ വിശദീകരണം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 2-4ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്ററിൽ പ്രകാരം തുക ലഭിച്ച സ്ഥാപനത്തിന്റെ പേര്, ഏതിനത്തിൽ തുക ലഭിച്ചു, എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന് ലഭിക്കേണ്ട വരവ് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് സ്ഥാപനാധികാരി ഉറപ്പുവരുത്തേണ്ടതാണ്. സ്ഥാപനത്തിലെ ഓരോ വരവ് തുകകളുടെയും രസീതിന്റെ പകർപ്പ്, വരവ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കേണ്ടതാണ്.

2-3 ക്യാഷ്ബുക്ക് രേഖപ്പെടുത്തലുകൾ കൃത്യമല്ല

സ്ഥാപനത്തിന്റെ ക്യാഷ്ബുക്ക് യഥാവിധി പരിപാലിച്ചിട്ടില്ല. ചില തീയതികളിൽ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പുമായി (closing balance) തൊട്ടടുത്ത ദിവസത്തെ മുന്നിരിപ്പ് (Opening balance) പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി

തീയതി	നീക്കിയിരിപ്പ് തുക (c/b)	തീയതി	മുന്നിരിപ്പ് തുക(o/b)
31.03.2009	2624	02.04.2009 (01.4.2009 അവധി)	1833
02.04.2009	16904	03.04.2009	16113
03.04.2009	13904	15.04.2009 (no transaction from 04.04.2009 to 14.04.09)	13113
15.04.2009	6109	21.04.2009 (no transaction from 16.04.2009 to 20.04.09)	5318
21.04.2009	5369	31.04.2009 (no transaction from 22.04.2009 to 30.04.09)	4578
31.04.2009	1472	02.05.2009 (01.05.2009 രേഖപ്പെടുത്തിയിട്ടില്ല)	681

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 5 ന് ലഭ്യമാക്കിയ മറുപടി യിൽ മേൽപ്പറഞ്ഞ അപാകതക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2-4 രജിസ്റ്ററുകളുടെ പരിപാലനം.

സ്ഥാപനത്തിലെ രജിസ്റ്ററുകളുടെ പരിപാലനം ഒട്ടും തൃപ്തികരമല്ല. രജിസ്റ്ററുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. കൂടാതെ താഴെ പറയുന്നവ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല.

1)രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

2)ബിൽ രജിസ്റ്റർ.

3)ചെക്ക് ഇഷ്യൂ രജിസ്റ്റർ.

4)വരവ് രജിസ്റ്റർ.

5) ചെലവ് രജിസ്റ്റർ.

ഒരു സ്ഥാപനത്തിന്റെ ആധികാരിക രേഖയായ കാഷ്ബുക്ക് ദിവസേന,ആഴ്ചയിൽ,മാസവസാനം,ക്ലോസ് ചെയ്ത് സംക്ഷിപ്തം രേഖപ്പെടുത്തി ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിലുള്ള ക്യാഷ് ബുക്ക് ഇത്തരം രേഖപ്പെടുത്തൽ വരുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 യാത്രാബത്ത- ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല

അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാർക്ക് റ്റി.എ/ഡി.എ ഇനത്തിൽ താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ടി ചെലവിനാധാരമായ ടൂർ പ്രോഗ്രാം, ടൂർ ഡയറി, ബില്ലുകൾ തുടങ്ങിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ അക്വിറ്റൻസിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. അക്വിറ്റൻസ് രേഖകളിൽ എല്ലാ ദിവസവും തീയതി രേഖപ്പടുത്തിയിട്ടില്ല.

ക്രമ നമ്പർ	തീയതി	തുക	
1	15.5.2009	6895	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
		3240	ഷിബു.പി.വി, എൽ.ഡി.സി
2	2.7.2009	2670	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
3	രേഖപ്പെടുത്തിയിട്ടില്ല	3350	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
4	26.8.09	2743	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
5	1.10.09	3146	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
6	1.12.09	6724	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
7	രേഖപ്പെടുത്തിയിട്ടില്ല.	3750	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
8	4.3.10	13732	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
9	4.5.10	6338	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി

10	രേഖപ്പെടുത്തിയിട്ടില്ല	14232	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
11	രേഖപ്പെടുത്തിയിട്ടില്ല	5944	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
12	രേഖപ്പെടുത്തിയിട്ടില്ല	7786	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
13	4.3.11	10070	ശ്രീ. ഗോകുലേന്ദ്രൻ, സെക്രട്ടറി
ആകെ		90620	

ചെലവ് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ കഴിയാത്ത പക്ഷം തുക തിരികെ ഒടുക്കു വരുത്തേണ്ടതാണ്.

3-2 ബുക്ക് എക്സിബിഷൻ (ഡി.പി.ഐ, എസ്.എസ്.എ) 2009-10 - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല 1524182 രൂപ തടസ്സപ്പെടുത്തുന്നു.

2009-10 വാർഷിക ധനകാര്യ പത്രിക പ്രകാരം 1525842 രൂപ ബുക്ക് എക്സിബിഷൻ (ഡി.പി.ഐ, എസ്.എസ്.എ) ഇനത്തിൽ ചെലവ് വന്നിട്ടുണ്ട്. എന്നാൽ 1660 രൂപയുടെ വൗച്ചറുകൾ (എസ്.എസ്.എ) മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. വൗച്ചറുകളിൽ ഒന്നും തന്നെ നമ്പർ രേഖപ്പെടുത്തി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽപ്പറഞ്ഞ കാലയളവിൽ വൗച്ചറുകളിൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ലെന്നും, ഇനി മുതൽ രേഖപ്പെടുത്തുന്നതാണെന്നും പറയുന്നു. പി.ഡി അക്കൗണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ ചെലവ് തുക അക്കൗണ്ട്സിലെ ചെലവുമായി വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ചെക്ക് നം, തീയതി	തുക
1	51890 , 23.10.2009	423000
2	155301, 25.11.2009	426397
3	155324, 2.2.2010	138000
4	155389, 23.3.2010	499452
ആകെ		1486849

പി.ഡി രജിസ്റ്ററിൽ 38993 രൂപയുടെ കുറവ് ചെലവിനത്തിൽ കാണുന്നു. ആയതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പി.ഡി രജിസ്റ്ററിലേതാണ് കൃത്യമായ കണക്ക് എന്നാണ് പറഞ്ഞത്.

മറുപടി തൃപ്തികരമല്ലാത്തതിനാൽ അക്കൗണ്ട്സ് പ്രകാരമുള്ള ചെലവ് തുകയിൽ ലഭിക്കാൻ ബാക്കിയുള്ള വൗച്ചറുകളുടെ തുകയായ 1524182 രൂപ തടസ്സപ്പെടുത്തുന്നു.

3-3 ബുക്ക് എക്സിബിഷൻ (ഡി.പി.ഐ, എസ്.എസ്.എ) 2010-11 - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല 1724062 രൂപ തടസ്സപ്പെടുത്തുന്നു.

2010-11 വാർഷിക ധനകാര്യ പത്രിക പ്രകാരം 2805326 രൂപ ബുക്ക് എക്സിബിഷൻ(ഡി.പി.ഐ, എസ്.എസ്.എ) ഇനത്തിൽ ചെലവ് വന്നിട്ടുണ്ട്. എന്നാൽ 1081264 രൂപയുടെ വൗച്ചറുകൾ (എസ്.എസ്.എ) മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. വൗച്ചറുകളിൽ ഒന്നും തന്നെ നമ്പർ രേഖപ്പെടുത്തി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽപ്പറഞ്ഞ കാലയളവിൽ വൗച്ചറുകളിൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ലെന്നും, ഇനി മുതൽ രേഖപ്പെടുത്തുന്നതാണെന്നും പറയുന്നു. പി.ഡി അക്കൗണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ ചെലവ് തുക അക്കൗണ്ട്സിലെ ചെലവുമായി വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ചെക്ക് നം, തീയതി	തുക
1	1538505, 2.7.2010	342000
2	1538540, 3.8.2010	420000
3	1538550, 1.10.2010	429000
4	1449688, 2.11.2010	425000

5	1449698, 1.12.2010	23332
6	1747226, 1.2.2011	325000
ആകെ		1964332

പി.ഡി രജിസ്റ്ററിൽ 840994 രൂപയുടെ കുറവ് ചെലവിനത്തിൽ കാണുന്നു. ആയതിന് നല്കിയ ഓഡിറ്റ് എൻകൃയറിക്കുള്ള മറുപടിയിൽ പി.ഡി രജിസ്റ്ററിലേതാണ് കൃത്യമായ കണക്ക് എന്നാണ് പറഞ്ഞത്.

മറുപടി തൃപ്തികരമല്ലാത്തതിനാൽ അക്കൗണ്ട്സ് പ്രകാരമുള്ള ചെലവ് തുകയിൽ ലഭിക്കാൻ ബാക്കിയുള്ള വൗച്ചറുകളുടെ തുകയായ 1724062 രൂപ തടസ്സപ്പെടുത്തുന്നു.

3-4 സ്ഥാപനത്തിലെ പുസ്തകങ്ങളുടെ സ്റ്റോക്ക് - അപാകതകൾ

വിവിധ സർക്കാർ വകുപ്പുകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രസാധകർ എന്നിവയിൽ നിന്നും സ്ഥാപനം ബുക്കുകൾ വാങ്ങുകയും ,പുസ്തക പ്രദർശനം, സ്ഥാപനത്തിന്റെ വിവിധ ബ്രാഞ്ചുകൾ,പുസ്തകമേളകൾ എന്നിവ മുഖാന്തിരം ബുക്കുകൾ വിൽക്കുകയും ചെയ്യുന്നു. എന്നാൽ പുസ്തകങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1)പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2)സ്റ്റോക്ക് രജിസ്റ്ററിൽ ആകെ ലഭിച്ച പുസ്തകങ്ങളുടെ എണ്ണവും, വിതരണം ചെയ്തശേഷം ബാക്കിയുള്ളവയുടെ എണ്ണവും രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി പുസ്തക നം.1704, 1710,1713,1720,1721

3)പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോക്കിലുള്ള പുസ്തകങ്ങളേക്കാൾ കൂടുതൽ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പുസ്തകത്തിന്റെ നം	സ്റ്റോക്കിലുള്ള പുസ്തകങ്ങളുടെ എണ്ണം	വിതരണം ചെയ്ത പുസ്തകങ്ങളുടെ എണ്ണം
1	1716	100	229
2	1729	100	234
3	1742	100	229
4	1747	100	277
5	1754	100	212

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (4/11.04.19) തൃപ്തീകരമായ മറുപടി ലഭിച്ചിട്ടില്ല.

4) വിൽപനകേന്ദ്രങ്ങളിൽ സ്റ്റോക്ക് വിവരം സൂക്ഷിച്ചിട്ടില്ല.

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ വിപണന കേന്ദ്രങ്ങളുണ്ട്. സ്ഥാപനത്തിന്റെ വി.ജെ.റ്റി. വിപണന കേന്ദ്രത്തിൽ, ഓഡിറ്റ് കാലയളവിലെ സ്റ്റോക്ക് വിവരം, ദൈനം ദിന കളക്ഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതായി പരിശോധനയിൽ ബോധ്യപ്പെട്ടു. നിലവിൽ പ്രസ്തുത വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല.

ഓരോ ശാഖയിലും ലഭ്യമാകുന്ന പുസ്തകങ്ങൾ, വിൽപന നടത്തിയ എണ്ണം, നീക്കിയിരുപ്പ് വിവരങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന രേഖകൾ സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് വിവരങ്ങൾ നിശ്ചിത കാലയളവുകളിൽ പരിശോധിച്ചുറപ്പാക്കേണ്ടതുമാണ്. ശാഖയിലെ ദൈനംദിന കളക്ഷൻ ബുക്ക് മാർക്കിൽ ഒടുക്കുന്നതു സംബന്ധിച്ച രേഖകളും ആധികാരികമല്ല. നിലവിൽ കളക്ഷൻ ഒടുക്കുമ്പോൾ രജിസ്റ്ററിൽ തുക കൈപ്പറ്റുന്ന വ്യക്തി ചുരുക്കൊപ്പ് നൽകുക മാത്രമാണ് ചെയ്യുന്നത്. സ്ഥാപനത്തിന്റെ ഔദ്യോഗിക മുദ്ര പതിപ്പിക്കുകയോ, തുക സ്വീകരിക്കുന്ന ഓഫീസറുടെ ഔദ്യോഗിക നാമം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ശാഖയിൽ നിന്നും തുക കൈപ്പറ്റുന്നതിന് കൂടുതൽ സുതാര്യമായ രീതികൾ ഏർപ്പെടുത്തേണ്ടതാണ്.

3-5 വാടകക്കു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല

വാർഷിക കണക്കുകൾ പ്രകാരം വാടകയിനത്തിൽ ബുക്ക് മാർക്കറ്റ് സൊസൈറ്റിക്ക് 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 4,40,865/- രൂപ, 4,92,710/- രൂപ ചെലവു വന്നിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് യഥാക്രമം 2,82,063/- രൂപയുടെയും, 4,57,389/- രൂപയുടെയും വൗച്ചറുകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമായത്. വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം, വാടക നിരക്ക്, ബന്ധപ്പെട്ട കരാറുകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.14/16.04.2019) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ കെട്ടിടങ്ങൾ വാടകക്ക് എടുക്കുന്നതിന് പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്നും, വാടക നിരക്ക് നിർണ്ണയിച്ചതിനുള്ള മാനദണ്ഡം എന്നിവയൊന്നും പരിശോധിക്കാനായില്ല.

3-6 ചെലവു രേഖകൾ ലഭ്യമായില്ല

1) ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ വാർഷിക കണക്കുകൾ പ്രകാരം സാലറി, വേജസ് ഇനത്തിൽ 2009-10 ൽ 16,80,078/- രൂപയും, 2010-11 ൽ 21,53,524/-രൂപയും ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ചെലവു രേഖകൾ ജീവനക്കാരുടെ അറ്റൻഡൻസ്, അക്വിറ്റൻസ് രേഖകൾ, ഡെപ്യൂട്ടേഷൻ, കരാർ, ദിവസവേതന ജീവനക്കാരുടെ നിയമനം സംബന്ധിച്ച രേഖകൾ, ഇവർക്ക് ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. ഇവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.14/16.04.2019) മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ വാർഷിക കണക്കുകൾ പ്രകാരം പബ്ലിഷിങ് ചാർജസ് ഇനത്തിൽ 2009-10 ൽ 7,90,46,800/- രൂപയും, 2010-11 ൽ 7,73,86,050/- രൂപയും ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവു സംബന്ധിച്ച് വിവിധ പബ്ലിഷേഴ്സ് നൽകിയ ബില്ലുകൾ, രസീതുകൾ, വൗച്ചറുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.14/16.04.2019) മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) സ്ഥാപനത്തിന്റെ ശമ്പള ചെലവ്, ഓഫീസ് ചെലവുകൾ എന്നിവക്കായി 03.08.2010 ലെ ട്രഷറി ചെക്ക് നം. 1538536 പ്രകാരം 4,24,787/- രൂപ പിൻവലിച്ചതിൽ 27500/- രൂപ ഹെഡ് ഓഫീസ് മെയിന്റനൻസിനുള്ള മുൻകൂർ എന്നും, 1,80,949/- രൂപ പ്രോജക്ട് ഡയറക്ടർ, കോസ്റ്റ് ഫോർഡിനുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട വിവരങ്ങൾ, വൗച്ചറുകൾ, രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.18/17.04.2019)മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകൾ പരിശോധനയ്ക്ക ലഭ്യമാക്കേണ്ടതാണ്. മറുപടി രേഖകളുടെ അഭാവത്തിൽ 6,05,736/- രൂപയുടെ (424787+180949) ചെലവ് തടസ്സപ്പെടുത്തുന്നു.

3-7 ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതിലെ അപാകങ്ങൾ.

2009 ഏപ്രിൽ മുതൽ 2010 ഫെബ്രുവരി വരെയുള്ള പേ ബിൽ രജിസ്റ്റർ പരിശോധനക്ക് ലഭ്യമായില്ല. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

സെക്രട്ടറിയുടെ ശമ്പള കുടിശ്ശികയിനത്തിൽ 5,13,000/- രൂപ ചെക്ക് നം.1747278 തീയതി 31.03.2011 (തുക -908277) പ്രകാരം ചെലവുണ്ട്. എന്നാൽ ഇതു സംബന്ധിച്ച അക്വിറ്റൻസ് രേഖകൾ,ഡ്യൂ-ഡ്രാൺ സ്റ്റേറ്റ്മെന്റ്, കുടിശ്ശിക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് എന്നിവ ലഭ്യമായില്ല.

3-8 ചെലവ് തുക തടസ്സപ്പെടുത്തുന്നു.-153949/

വിവിധ ഡയറ്റുകളിൽ ലാബ് ഉപകരണങ്ങൾ വാങ്ങിനല്കുന്നതിനായി 1.10.2010 ലെ ചെക്ക് നം 1538553/1.10.2010 പ്രകാരം 153949/ രൂപ തിരു.ബയോകം.എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് നല്കി. ഇൻവോയിസ് നം 107/13.9.2010 പ്രകാരമുള്ള സാധനങ്ങൾ സ്റ്റോക്കിലെടുത്തതിനോ, വിവിധ ഡയറ്റുകളിൽ വിതരണം നടത്തിയതിനോയുള്ള കൈപ്പറ്റു രസീത് ഓഡിറ്റിന് ലഭ്യമല്ലാത്തതിനാൽ ചെലവ്തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഓഡിറ്റ് എൻകയറി നം.16/17.04.2019 ന് മറുപടി ലഭ്യമാക്കിയില്ല.

3-9 ചെലവ് രേഖകൾ ലഭ്യമല്ല. 3332085/ രൂപ തടസ്സം ചെയ്യുന്നു .

2010-11 വാർഷികധനകാര്യ പത്രികയിൽ വാഹനചെലവുകൾക്കായി 2978224/ രൂപയും ബ്രാഞ്ച് ഓപ്പണിംഗ് ചെലവുകൾക്കായി 273287/ രൂപയും ബസ്സ് ഉദ്ഘാടനത്തിനായി 80574/ രൂപയുംചെലവ് വന്നിട്ടുണ്ട്. ചെലവുകൾ സാധൂകരിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി16 ന് മറുപടി ലഭ്യമല്ല.ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 3332085/ രൂപ തടസ്സം ചെയ്യുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

2009-10 സാമ്പത്തിക വർഷത്തെ ട്രഷറി പാസ്സ് ബുക്ക്/ ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാലും ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകൾക്ക് കൃത്യതയില്ലാത്തതിനാലും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള സാമ്പത്തിക നിലയാണ് തയ്യാറാക്കിയിരിക്കുന്നത്.

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷം	ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ	ആകെ ചെലവ്
2009-10	77140276	84186807
2010-11	96500013	87171271

വരവിനങ്ങളിലുള്ള നഷ്ടം - ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക - 7340014

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക വിശദാംശങ്ങൾ

ഖണ്ഡിക 3-2	1524182
ഖണ്ഡിക 3-3	1724062
ഖണ്ഡിക 3-6	605736
ഖണ്ഡിക 3-8	153949
ഖണ്ഡിക 3-9	3332085
ആകെ	7340014

4-2 ഓഡിറ്റ് ചാർജ്ജ്

2009-2010

ആകെ വരവ്	:	77140276
(-) ഗ്രാന്റുകൾ	:	1500000
ഓഡിറ്റ് ചാർജ് കണക്കാക്കുന്നതിനുള്ള വരവ്	:	75640276
ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ	:	756403

2010-2011

ആകെ വരവ്	:	96500013
(-) ഗ്രാന്റുകൾ	:	3300000
ഓഡിറ്റ് ചാർജ് കണക്കാക്കുന്നതിനുള്ള വരവ്	:	93200013
ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ	:	932000

31.03.2009 വരെ ഒടുക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് - 254678

31.03.2011 വരെയുള്ള കുടിശ്ശിക തുക : 254678+756403+93200 = 1943081/-രൂപ

ഓഡിറ്റ് ഫീസ് "0070-60-110-99 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ഒറിജിനൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്.

4-3 അനുബന്ധ പത്രികകൾ

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ വരവുചെലവുരേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ രേഖകൾ സ്ഥാപനത്തിന്റെ വരവു-ചെലവു കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സ്ഥാപനം ലഭ്യമാക്കിയ വരവുചെലവുപത്രിക പ്രകാരമുള്ള

വിവരങ്ങളാണ് അനുബന്ധം 1,2 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
1. 2009-2010 വർഷത്തെ വരവ് ചെലവ് പത്രിക

2.2010-2011 വർഷത്തെ വരവ് ചെലവ് പത്രിക
3. ഓഡിറ്റ് സർട്ടിഫിക്കറ്റ്.

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വാർഷിക ധനകാര്യപത്രിക 2009-10 (സ്ഥാപനം സമർപ്പിച്ച കണക്കുകൾ പ്രകാരമുള്ളത്)

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ് കൃാഷ് - ട്രഷറി	8040896	ശമ്പളവും അലവൻസും	1680078
		വാടക	440865
വിറ്റ് വരവ്	75640276	ഓഫീസ് ചെലവുകൾ	197428
ഗവൺമെന്റ് ഗ്രാന്റ്	1500000 [വാർഷിക ധനകാര്യപത്രികയിൽ 15ലക്ഷം രൂപയാണ് ഗ്രാന്റിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 23 ലക്ഷം രൂപ ഗ്രാന്റിനത്തിൽ വരവ് വന്നിട്ടുണ്ട്. (ഖണ്ഡിക 2-1)]	പ്രസാധകർക്ക് നൽകിയത്	79046800
		പുസ്തക പ്രദർശനത്തിന് നൽകിയ തുക	1525842
		റ്റി.എ,ഡി.എ സെക്രട്ടറി, സ്റ്റാഫ്, എക്സിക്യൂട്ടീവ് മീറ്റിംഗ്	47471
		ഡി.എ.അരിയർ	14138
		വാഹന ചെലവുകൾ	1234185
		നീക്കിയിരിപ്പ്	994365
ആകെ	**8518172**	**ആകെ**	**8518172**

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വാർഷിക ധനകാര്യപത്രിക 2010-11 (സ്ഥാപനം സമർപ്പിച്ച

കണക്കുകൾ പ്രകാരം)

വരവ്	തുക	ചെലവ്	തുക
മുന്നിരിഷ് ട്രഷറി	994365	ശമ്പളവും അലവൻസും	2153524
		വാടക	492710
വിറ്റ് വരവ്	93200013	ഓഫീസ് ചെലവുകൾ	230000
ഗവൺമെന്റ് ഗ്രാന്റ്	3300000 (വാർഷിക ധനകാര്യപത്രികയിൽ 33 ലക്ഷമാണ് ഗ്രാന്റ്. എന്നാൽ 35 ലക്ഷമാണ് 10-11 ൽ ഗ്രാന്റിനത്തിൽ സ്ഥാപനത്തിന് ലഭ്യമായത്.) (ഖണ്ഡിക 2-1 കാണുക)	പുസ്തക പ്രദർശനത്തിന് നൽകിയ തുക	2805326
		ബ്രാഞ്ച് ഓപ്പണിംഗ് ചെലവുകൾ	273287
		പ്രസാധകർക്ക് നൽകിയത്	77386050
		ഡി.എ.അരിയർ,പെൻഷൻ	41022
		വാഹന ചെലവുകൾ	2978224
		സൺസോഫ്റ്റ് വെയർ എക്സ്പെൻസസ്	158074
		ബസ്സ് ഉദ്ഘാടന ചെലവുകൾ	80574
		റ്റി.എ/ ഡി.എ സെക്രട്ടറി& സ്റ്റാഫ് എക്സിക്യൂട്ടീവ് മീറ്റിംഗ്	572480
		നീക്കിയിരിപ്പ്	10323107
ആകെ	**97494378**	**ആകെ**	**97494378**

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം-3

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ വരവ്, ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. സ്ഥാപനം ലഭ്യമാക്കിയ രജിസ്റ്ററുകളുടെയും, രേഖകളുടെയും അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിലെ പരാമർശങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

B.T